# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 10.07.2012 ൽ മറുപടിക്ക്

നമ്പർ. T 6063

## പ്രവാസികളുടെ യാത്രാപ്രശ്നങ്ങൾ

**ചോദ്യം**

ശ്രീ. വി. എസ്. സുനിൽ കുമാർ:
ശ്രീ. വി. ശശി:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. പി. തിലോത്തമൻ:

(എ) എയർ ഇൻഡ്യ പണിമുടക്കിനെ തുടർന്ന് ഗൾഫ് നാടുകൾ അടക്കമുള്ള രാജ്യങ്ങളിലെ മലയാളികൾ നേരിടുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ എയർ ഇൻഡ്യ സർവ്വീസുകളിൽ നല്ലൊരുഭാഗം റദ്ദാക്കുന്നതും, മറ്റ് വിമാന കമ്പനികൾ യാത്രാ നിരക്ക് അറുനൂറ് ശതമാനം വരെ വർദ്ധിപ്പിക്കുന്നതും മൂലമുണ്ടാകുന്ന പ്രയാസങ്ങളിൽ നിന്നും മലയാളികളെ സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളെടുത്തുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) യാത്രാ നിരക്കുകൾ കുറയ്ക്കുന്നതിന് ഗൾഫ് മേഖലയിൽ നിന്ന് കൂടുതൽ എയർ ഇൻഡ്യ സർവ്വീസുകൾ ആരംഭിക്കുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ?

**മറുപടി**

ശ്രീ. കെ. സി. ജോസഫ്
(ബഹു. ഗ്രാമവികസനവും ആസൂത്രണവും നോർക്കയും സാംസ്കാരികവും വകുപ്പു മന്ത്രി)

(എ) ഉണ്ട്.

(ബി) യും (സി) യും

എയർ ഇന്ത്യ സർവ്വീസുകൾ റദ്ദാക്കുന്നതുമൂലവും, അമിത നിരക്ക് ഈടാക്കുന്നതുമൂലവും പ്രവാസി മലയാളികൾ നേരിടുന്ന ബുദ്ധുമുട്ടുകൾ കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഗൾഫ് മേഖലയിൽ കൂടുതൽ വിമാന സർവ്വീസുകൾ ആരംഭിക്കുന്നതിനും അടിക്കടിയുള്ള സർവീസ് റദ്ദാക്കലുകൾ ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

സെക്ഷൻ ഓഫീസർ